DEPARTMENT OF AGRICULTURE

# FARM INFORMATION BUREAU

PRESS RELEASE

PR . 02/2018 01.01.2018

## കോഴിവളർത്തൽ/ വിപണന സംരംഭകത്വ ശില്പശാല

കേന്ദ്ര പൗൾട്രി വളർത്തൽ ഓർഗനൈസേഷൻ, ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയുടെ പൗൾട്രി ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുമായി സഹകരിച്ച് കേരളത്തിലെ കോഴി വളർത്തൽ വിപണന സംരംഭം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന യുവകർഷകർക്ക് ആറ് ദിവസത്തെ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. ഈ മാസം 8 -ാം തീയതി തിങ്കളാഴ്ച രാവിലെ 9 മണിയ്ക്ക് ആരംഭിക്കുന്ന സംരംഭകത്വ ശിലപ്ശാല 13-ാം തീയതി ശനിയാഴ്ച വൈകിട്ട് 4 മണി വരെ തുടരും. മുട്ടക്കോഴി, ഇറച്ചിക്കോഴി വിവിധ പൗൾട്രി ഉൽപ്പന്നങ്ങളുടെ വിപണനത്തിനും സന്നദ്ധരായിട്ടുള്ള യുവകർഷകർക്ക് വേണ്ടിയുള്ള ഈ പരിശീലന പരിപാടി ഒരു കേന്ദ്ര സംസ്ഥാന സർക്കാർ സംരംഭമാണ്. താൽപ്പര്യമുള്ള പത്താംക്ലാസ്സ് പാസ്സായതും 40 വയസ്സിൽ താഴെയുള്ളതുമായ യുവകർഷകർ ഈ മാസം 4 ന് മുൻപായി പഞ്ചായത്തിലെ വെറ്ററിനറി ആശുപത്രിയിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്റ്റർ ചെയ്തവരിൽ നിന്നും അഭിമുഖത്തിലൂടെയായിരിക്കും പരിശീലനാർത്ഥികളെ തിരഞ്ഞെടുക്കുന്നത്. പരിശീലനം പൂർത്തിയാക്കുന്ന 60 പേർക്ക് സെൻട്രൽ പൗൾട്രി ഡെവലപ്മെന്റ് ഓർഗനൈസേഷന്റെ സർട്ടിഫിക്കറ്റ് ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് സെൻട്രൽ ഹാച്ചറി പൗൾട്രി ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്; **0479-2457778** എന്ന ഫോൺ നമ്പറിലോ, **centralhatchery 1961@gmail.com** എന്ന ഇ- മെയിൽ വിലാസത്തിലോ ഓഫീസുമായി ബന്ധപ്പെടുക.

പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ